**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 548** 23-07-2021 - ൽ മറുപടിയ്ക്ക്

**കടലാക്രമണത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | രൂക്ഷമായ കടലാക്രമണത്താൽ ഓരോ വർഷവും തീരപ്രദേശങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. തീരപ്രദേശത്തിന്റെ വിസ്തൃതി സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മുഖാന്തിരം സർവ്വേ നടത്തിയിട്ടില്ല. |
| (ബി) | എങ്കിൽ 10 വർഷം മുമ്പ് തീരപ്രദേശത്തിന്റെ വിസ്തൃതി എത്രയായിരുന്നെന്നും നിലവിൽ എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. തീരപ്രദേശത്തിന്റെ വിസ്തൃതി സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മുഖാന്തിരം സർവ്വേ നടത്തിയിട്ടില്ല. |
| (സി) | ഇത്തരത്തിൽ നഷ്ടപ്പെടുന്ന തീരപ്രദേശങ്ങളെ സംരക്ഷിക്കുവാനും സമ്പുഷ്ടീകരിക്കുവാനും ഈ സർക്കാർ എന്തൊക്കെ അടിന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് എത്ര കോടി രൂപ മാറ്റി വെച്ചിട്ടുണ്ടെന്നും എവിടെയൊക്കെ ആയതിന്റെ പ്രവർത്തനം ഉടൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ? | (സി) | തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽ നിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ – വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ NABARD RIDF XXVI ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിനായി കിഫ്ബി 150 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. ആദ്യഘട്ടമായി പരീക്ഷണാടിസ്ഥാനത്തിൽ പൂന്തുറ പ്രദേശത്ത് 19.57 കോടി രൂപക്ക് ജിയോട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിനുള്ള പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ആരംഭഘട്ടത്തിലാണ്. 27/05/2021 ൽ മത്സ്യബന്ധന വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, എം.പി, എം.എൽ.എ മാരും റവന്യൂ, ഹാർബർ, ഇറിഗേഷൻ, എൽ.എസ്.ജി.ഡി വകുപ്പുകളിലെയും, കെ.എസ്.സി.എ.ഡി.സി.ലെയും ഉദ്യോഗസ്ഥരും ചെല്ലാനം തീരത്തെ കടലാക്രമണം നടന്ന പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. തുടർന്ന് |

| | | | |
|---|---|---|---|
| | | | എറണാകുളം ഗസ്റ്റ് ഹൗസിൽ കൂടിയ യോഗത്തിൽ 20.00 ലക്ഷം രൂപയുടെ അത്യാവശ്യ തീരസംരക്ഷണ പ്രവൃത്തികൾ ആരംഭിച്ചതായും 2 കോടി രൂപയുടെ പ്രവൃത്തി കൂടി ഉടനെ തുടങ്ങുന്നതാണെന്നും ജലസേചന വകുപ്പ് അറിയിച്ചിരുന്നു. 16 കോടി രൂപയുടെ വിവിധ പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചതായും ചെല്ലാനത്തെ കടലാക്രമണം പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള 274 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെന്നും ഇറിഗേഷൻ വകുപ്പ് അധികൃതർ പ്രസ്തുത യോഗത്തിൽ അറിയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ